
G H S PULINHAL
നിറവ്
little
KITEs

## ഞങ്ങളുടെ സ്കൂളിനെക്കുറിച്ച് .....

മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കാലത്ത് പുളിഞ്ഞാലിലെ പൗരപ്രമാണിയും പൊതുജന സേവകനുമായിരുന്ന ശ്രീ കീട്ട മമ്മുഹാജി ആരംഭിച്ച ഏകാദ്ധ്യാപക വിദ്യാലയമാണ് ഇന്ന് ഈ ഗ്രാമപ്രദേശത്തു ആധുനിക സൗകര്യങ്ങളോടെ തലയുയർത്തി നിൽക്കുന്ന പുളിഞ്ഞാൽ ഗവഃ ഹൈ സ്കൂൾ ആയിമാറിയത്.1955 ൽ സർക്കാർ ഏറ്റെടുത്ത ശേഷം നല്ലവരായ നാട്ടുകാരുടെയും അക്കാലത്തെ അധ്യാപകരുടെയും കഠിന പ്രയത്നത്തിന്റെ ഫലമായാണ് 2 .4 ഏക്കർ വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന ഈ വിദ്യാലയ സമുച്ചയം ഉണ്ടായത് .



നിറവ്



# 'നിറവി'ന് പിന്നിൽ .........

ചീഫ് എഡിറ്റർ : നിർമല കെ. ഒ
സ്റ്റാഫ് എഡിറ്റർ : ജിഷമോൾ വി എസ് (ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ )
സ്റ്റുഡന്റ് എഡിറ്റർ : ആയിഷ അഖിന
മാസിക സമിതി അംഗങ്ങൾ ;

അധ്യാപക പ്രതിനിധികൾ

: സജിഷ കെ എസ്
(ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ് )
: ലൈല കെ എം
(സീനിയർ അസിസ്റ്റന്റ് )
: ബിന്ദു ബി ആർ
(എസ് .ഐ .ടി. സി )
: ഗിരീഷ് ബാബു പി ടി
(എച് എസ് എ മലയാളം )

വിദ്യാർത്ഥി പ്രതിനിധികൾ

:മുഹമ്മദ് സിനാൻ ടി
: മുഹമ്മദ് സിനാൻ ടി കെ
: മുഹമ്മദ് ഫാസിൽ
: ഫാത്തിമ ഹബീബ
:അനുപ്രിയ എൻ വി

:

# ആശംസ

വിവര സാങ്കേതിക വിദ്യാലോകം  വളരെ വിശാലമാണ് .സാമൂഹ്യ ജീവിതത്തിന്റെ സമസ്ത മേഖലകളിലും വിവര വിനിമയ സാങ്കേതിക വിദ്യയുടെ ഉപയോഗം അതിവേഗം വ്യാപിച്ചുകൊണ്ടിരിക്കുകയാണ് .വര സാങ്കേതിക വിദ്യായുടെ വികാസവും അതിന്റെ വർധിച്ച വരുന്ന പ്രയോഗവും മൂലം വ്യക്തികൾ തമ്മിലുള്ള ആശയ വിനിമയവും ഉല്ലാസ വാർത്ത മാധ്യമങ്ങളും സാമൂഹ്യ ജീവിതത്തിന്റെ സമസ്ത മേഖലകളിലും പുതിയൊരു രീതിയിൽ പുനഃ സങ്കടിപ്പിക്കുകയാണ് ലിറ്റിൽ കൈറ്റ്സ് എന്ന ഐ ടി കൂട്ടായ്മ .

ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ സർഗാത്മകമായ ഭാവനകളെ തൊട്ടുണർത്തി , വർണാഭമായ രചനകളെ കോർത്തിണക്കിക്കൊണ്ട് 'നിറവ് ' എന്ന പേരിൽ ഒരു കൊച്ചു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു . ഈ സംരംഭത്തിന് പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളെയും അധ്യാപകരെയും  അഭിനന്ദിക്കുന്നു .അതോടൊപ്പം എല്ലാവിധ ആശംസകളും നേരുന്നു.

പ്രധാനാദ്ധ്യാപിക
നിർമല കെ ഒ

## ആശംസ

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്ത വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ബലപ്രദമാക്കുന്നതിൽ ലിറ്റിൽ കൈറ്റ്സ് എന്ന ഐ ടി കൂട്ടായ്മയുടെ പങ്ക് വളരെ പ്രശംസനീയമാണ് അതിന്റെ ഭാഗമായി " നിറവ് "എന്ന ഡിജിറ്റൽ മാഗസിന്റെ പണിപ്പുരയിൽ പങ്കെടുത്ത എല്ലാ വിദ്യാർത്ഥികൾക്കും ,അതിനു ചുക്കാൻ പിടിച്ച അദ്ധ്യാപകർക്കും എല്ലാവിധ അസംസകളും നേരുന്നു ...

LAILA K.M

SENIOR ASSISTANT

# ആശംസ

ഭാഷകൾ മാറ്റത്തിനു വിധേയമാകുന്നു. അച്ചടിവിദ്യ പാടെ മാറ്റത്തിനു വിധേയമായിരിക്കുന്നു. സാഹിത്യ സൃഷ്ടികളുടെ സ്വഭാവവും മാറുന്നു. ലിറ്റിൽ കൈറ്റ്സിന്റെ പ്രഥമ സംരംഭമായ 'നിറവ് ' ഡിജിറ്റൽ മാഗസിൻ പുറത്തിറങ്ങാൻ ഒരുങ്ങുകയാണ് .എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

അയ്യൂബ് കെ വി
പി ടി എ പ്രസിഡന്റ്

# ആശംസ

ഗവണ്മെന്റ് ഹൈസ്കൂൾ പുളിഞ്ഞാൽ വിദ്യാർത്ഥികൾ ലിറ്റിൽ കൈറ്റ്സ് നേതൃത്വത്തിൽ' നിറവ് ' എന്ന ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു .അണിയറയിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അധ്യാപകർക്കും അഭിനന്ദനങ്ങൾ. മാഗസിന് ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു.

BINDU B R

H.S.A MALAYALAM

(SITC )

# എഡിറ്റോറിയൽ

മനുഷ്യ രാശിയുടെ വിവര വിനിമയ സാങ്കേതിക രംഗത്തെ കുതിപ്പിന് സഹായകമായി ഒരുപാട് ഡിജിറ്റൽ പ്രവർത്തനങ്ങൾ ഓരോ സ്കൂളുകളിലും നടന്നു വരുന്നു അതിന്റെ ഭാഗമായി ജി എച്ച് എസ് പുളിഞ്ഞാലിലും ലിറ്റിൽ കൈറ്റ്സ് -എന്ന കുട്ടികളുടെ കൂട്ടിപട്ടത്തിനും വലിയൊരു പങ്ക് വഹിക്കാൻ കഴിഞ്ഞു .കാലത്തിന്റെ മാറ്റത്തിനൊപ്പം നമ്മുടെ ചിന്താഗതികളും ആശയങ്ങളും ഡിജിറ്റൽ പതിപ്പിലേക്ക് .......നിറവിന്റെ നിറകുടമായ "നിറവി"ലേക്ക് .............................. ഇനിയും ഒത്തിരി ഉയരങ്ങളിലേക്ക് പറന്നുയരാൻ കഴിയട്ടെയെന്നു ആശംസിച്ചുകൊണ്ട് .....

എഡിറ്റർ

:

# നീലാകാശത്തെ മഞ്ഞുതുള്ളി

എനിക്ക് ഏറെ ഇഷ്ട്ടമുള്ള കാലമാണ് മഞ്ഞുകാലം ഇളം തണുപ്പിൽ മഞ്ഞുത്തുള്ളികൾ വീഴുമ്പോൾതണുപ്പിൽ പുഞ്ചിരിച്ചുകൊണ്ട് ഉറക്കമുണരുന്ന റോസാപൂക്കൾ . മഞ്ഞുത്തുള്ളികൾ ഭൂമിയിലേക്ക് പതിക്കുമ്പോൾ തിളക്കമാർന്ന സൂര്യൻ പുൽച്ചെടികളിൽ വീഴുന്ന മഞ്ഞുതുള്ളികൾ തിളക്കമുള്ളതാക്കി തീർക്കാറുണ്ട് മഞ്ഞുകാലം പ്രകൃതിയിലെ അത്ഭുതങ്ങളിൽ ഒന്നായി എനിക്ക് അനുഭവപ്പെടാറുണ്ട് .ആകാശമേഘങ്ങളിൽ നിന്നും മഴത്തുള്ളികൾ മോചിപ്പിക്കപ്പെടാറുള്ളതുപോലെ മഞ്ഞുത്തുള്ളികൾ ആനന്ദത്താൽ ഭൂമിയിലേക്ക് വീഴുന്നത് ഞാൻ മിഴികൾ നിറഞ്ഞു ആസ്വദിക്കാറുണ്ട് മരങ്ങളും മഞ്ഞുതുള്ളികളും പൂക്കളും മഞ്ഞുതുള്ളികൾ ആസ്വദിക്കാറുണ്ടെന്നു എനിക്ക് ചിലപ്പോളെങ്കിലും തോന്നാറുണ്ട് ആരെയും സുന്ദരമെന്നു തോന്നിപ്പിക്കുന്ന റോസാപ്പൂക്കൾ -പലപ്പോഴും മഞ്ഞുതുള്ളികളോട് അസൂയ തോന്നാറുണ്ട് മഞ്ഞിൽ വിരിഞ്ഞ പൂക്കൾക്ക് പലപ്പോഴും ഭംഗിയില്എം നിറവും ഉണ്ടെന്നു എനിക്ക് അനുഭവപ്പെടാറുണ്ട് മഴയും മഞ്ഞും ഭൂമിയിലെ ഒരു കൗതുകമായി എനിക്ക് അനുഭവപ്പെടുന്നു എരിയുന്ന സൂര്യന്റെ വിയർപ്പാണ് മഞ്ഞുത്തുള്ളികൾ എന്ന് കവികൾ ഉപമിക്കാറുണ്ട് നീലാകാശത്തു നിന്നും പൊഴിയുന്ന മഞ്ഞു തുള്ളികൾ എന്നും മറക്കാത്ത ഓർമ്മകൾ തന്നെയാണ്

HASNA A
10 A

# നോവിന്റെ അലകൾ

എന്നും മനസിലെ മായാത്ത ഓർമ്മയാണ് സ്കൂൾ ജീവിതം .ആ ജീവിതം കുറെ സന്തോഷങ്ങളും നോവുകളും നമ്മളിലേക്കു എത്തിക്കും. സ്കൂൾ അനുഭവങ്ങളിലേക്ക് കേറാൻ വെമ്പിനിൽക്കുന്ന ഒരു ബാലികയാണ് നമ്മുടെ കഥാപാത്രം. അവൾക്കു സ്കൂളിൽ പോകുന്നത് വളരെ ഇഷ്ടമായിരുന്നു ,അവളുടെമുത്തശ്ശിക്കൊപ്പം സമയം ചിലവഴിക്കലായിരുന്നു അവളുടെ വിനോദം അവളെ അങ്ങനെ വിടുന്നത് ശരിയല്ല എന്നായിരുന്നു അച്ഛനമ്മമാരുടെ തീരുമാനം .വളരെ അധികം ബലം പ്രയോഗിച്ചു അവളെ സ്കൂൾമുറ്റത്തിന്റെ പടവുകളിലേക്കു ആഴ്ന്നിറക്കി .അവൾ സ്കൂളിൽ പോകാൻ ആരംഭിച്ചു .ഓരോ ദിവസവും നിറകണ്ണുകളോടെയാണ് ആ ബാലിക തന്റെ പാഠശാലയിൽ എത്തുന്നത് .അവൾക്കു മുത്തശ്ശിയുമൊത് പക്ഷിയെപ്പോലെ സ്വതന്ത്രമായി പാറി നടക്കുന്നതായിരുന്നു അവൾക്കിഷ്ടം .അവളെപോലെ മുത്തശ്ശിയ്ക്കും സ്കൂളിൽ പറഞ്ഞയച്ചത് തീരെ ഇഷ്ടമില്ലായിരുന്നു .അവളുടെ ചൂടില്ലാത്ത വീട്ടിൽ മുത്തശ്ശി തണുത്തു വിറയ്ക്കുന്നുണ്ടായിരുന്നു അവൾക്കു മാത്രമായിരുന്നു മുത്തശ്ശിയെ ഇഷ്ടം .അവളുടെ അമിത ഉത്സാഹം പഠനത്തെ ബാധിക്കുമെന്ന് കരുതി അവളുടെ 'അമ്മ അവളെ ഹോസ്റ്റലിലേക്ക് പറഞ്ഞയച്ചു .അങ്ങനെ അവളുടെ അനന്തമെല്ലാം അസ്തമിച്ചു .അവൾ പുതിയൊരു അനുഭവത്തെ വരവേറ്റു .പഠനത്തിൽ മാത്രം ശ്രദ്ധ തിരിച്ചു അവൾ ക്ലാസ്സിൽ ഒന്നാമതായി .ഇടവേളകളിൽ അവൾ മുത്തശ്ശിയെ കാണാൻ പോകുമായിരുന്നു .അത് മാത്രമായിരുന്നു അവളുടെ ഏകആശ്വാസം .വര്ഷങ്ങള്ക്കു ശേഷം അവളുടെ മുത്തശ്ശി ഈ ലോകത്തോട് വിടപറഞ്ഞു .അവൾക്കു പരീക്ഷ ആയതിനാൽ ഈ വിവരം അച്ഛനും അമ്മയുംഅവളിൽ നിന്നും മറച്ചു വച്ച് .പരീക്ഷ കഴിഞ്ഞു തിരിച്ചെത്തിയ അവൾ കണ്ടത് തണുത്തു വിറങ്ങലിച്ച മുത്തശ്ശിയുടെ ശരീരമായിരുന്നു .സ്വബോധം നഷ്ടപെട്ട അവൾ മാനസിക വിഭ്രാന്തിയിലേക്കു വഴുതി വീണു .തന്റെ മകളെ നഷ്ടപെട്ട 'അമ്മ അട്ടഹാസത്തോടെ വീടിനു ചുറ്റും ഓടി .ഭാഗ്യവശാൽ വിദേശ രാജ്യങ്ങളിലെ ചിക്ത്സയ്ക്കു ശേഷം പൂർണ ആരോഗ്യവതിയായി.ജീവിതത്തിലേയ്ക്ക് തിരിച്ചുവന്ന അവയളുടെ ഓർമകളിൽ മുഴുവനും മുത്തശ്ശി മാത്രമായിരുന്നു

RISHANA . A

G H S PULINHAL

# ജീവിതം സാക്ഷി

സാഗരം സാക്ഷിയായി നിൽക്കുമീ ജന്മം
ഒരു സ്വാതന്ത്ര്യത്തിൻ വെളിച്ചം
പോലുമില്ലാ  ജീവിതത്തിൽ
ഒരു പുഴപോലെ ,കാറ്റുപോലെ
അരുവിപോലെ എവിടേക്കെന്നില്ലാതെ
അലഞ്ഞു തിരയുകയാണെന്ന് ജീവിതം
സ്നേഹമെന്നതോ വിധിക്കപ്പെട്ടില്ല
സന്തോഷമെന്നതോ വാതിൽ തുറന്നില്ല
ആർക്കും വേണ്ടാതെ എന്നന്നേയ്ക്കുമായി
അവസാനിപ്പിക്കേണ്ടി വരുന്നതോ ഈ ജീവിതം
ഇക്കാലമത്രയും സ്വന്തമെന്ന് കരുതിയവർ
നിമിഷ ശത്രുക്കളായ മാറുന്ന
പെണ്ണിനോടുള്ള നോട്ടം
ജീവിത നാശമീ കാലം
പെണ്ണായി ജനിച്ചതെൻ  ശാപം
പെണ്ണിന് സൗന്ദര്യവും കൊടിയ ശാപം
ഒരാൾക്ക് പോലുമില്ലാ ഇന്ന്
സ്നേഹ സൗരഭ്യത്തിൻ മനസ്
പെണ്ണിനെ' ശ്രീ യായി
തീർക്കേണ്ടിയിരിക്കുന്ന ഇക്കാലം .

AYISHA AKHINA
IX B

# *യാനം*

ബസിൽ ഇരിക്കുമ്പോളാണ് ഓർത്തത് പണം കീശയിൽ ഇല്ല '
കണ്ടകറുടെ പെൺമൊഴി എവിടേക്ക് ;അവളെ ഞാൻ ഒന്ന് നോക്കി
ഇറങ്ങേണ്ട സ്ഥലം പറഞ്ഞു നരകം ''
സ്വർഗത്തിലേക്ക് ;ചീട്ട് തന്ന ബസിൽനിന്ന് എന്നെ ചവിട്ടി പുറത്താക്കി :'ഒരു ഫ്രീ ടിക്കറ്റിൽ ഞാൻ അവിടെയെത്തി ;മുറിവേറ്റ മനസുമായി

അമല ലിയോ

X A

# ഋതുഭേദങ്ങൾക്കപ്പുറം

സൗന്ദര്യ ശലഭമായ്
പാറിപ്പറക്കുന്ന
പച്ചപ്പിൻ നിറമുള്ള
ചുവന്ന ഭൂമി
ശുദ്ധ ഹൃദയാരായ
കോടാനുകോടി
ജനങ്ങൾ
വിശാലത കൈവരിച്ച
ഭൂമിതൻ മടിത്തട്ടിൽ
താങ്ങും തണലുമായി
മനുഷ്യതൻ ജന്മം
കാലമെൻ  മാറ്റത്തിൽ
നന്മയെല്ലാം തിന്മയായിടുന്നു .
പണമെത്രയും കിട്ടുമെങ്കിൽ
ദുഷ്ടത കാട്ടുവാനൊട്ടും
മടിയില്ല .
തിന്മയെ ഗർഭം ധരിച്ചു
നൊന്തു പ്രസവിച്ച
ഭൂമിതൻ വിലാപം
ആരുകേൾക്കാൻ ???

RAHNA FATHIMA
X A

# കുട

ആയിരം തുള വീണ്
ആകാശം കാണുന്ന
കറുത്ത കുടയാണ്
എന്റേത്
ദുഃഖത്തിന്റെ മഴ പെയ്ത്തിൽ
മുഴുവൻ നനച്ച്
സന്തോഷത്തിന്റെ
പ്രകാശത്തെ
ജീവനിൽ തറച്ചു
ഇടവേളകൾ ഇല്ലാതെ
കുടയെന്നും
എന്റെ കൂടെ
ചിലർ പറയും
കുടയുടെ വർണം
ശ്വേതം  തന്നെയെന്ന്
അവരറിയുന്നില്ലല്ലോ ..
മരണത്തിന്റെ
സൂചികയാണെന്ന്

ഉബൈദ് .ഇ
X . A

# പ്രണയവഴികൾക്കപ്പുറം

1

വഴി പഴയതു തന്നെ
വഴികൾക്കിരുപുറവുമുള്ള
കാറ്റാടി മരങ്ങളും
പഴയതുപോലെ തന്നെ
ഞാനും
അവളോട്ചേർന്ന്
അതുവഴി ...
നിറയെ ചിരിച്ച്
ഹൃദയങ്ങളിൽ
നിറയുന്ന അമൃതം നുകർന്ന് .

II

വഴി പഴയതു തന്നെ
കാറ്റാടികളും ഞാനും ..അവളോട് ചേർന്ന് .
നിറയെ ചിരിച്ച്
ഹൃദയങ്ങളിൽ നിറയുന്ന
കാളകൂടം പകർന്ന്

III

വഴി പഴയതുതന്നെ
കാറ്റാടിമരങ്ങളും
ഞങ്ങളും
അതുപോലെ തന്നെ
നിഴലുകൾ മായുംനേരം
ജീവിത വഴി തേടി
പഴയതുപോലെ

IV

വഴി പഴയതുതന്നെ
പലവഴികൾ
നിനക്കും എനിക്കും വേണ്ടി
വഴിയറിയാതെ പല വഴി തേടി

GIRISH BABU
H .S .A MALAYALAM

G H S PULINHAL

# <u>വായനയുടെ  വസന്തം</u>

ബഹുസ്വരതയുടെ ഭാഷയാണ് മലയാളം .ഇന്ത്യയിലെ വികസിത ഭാഷകളിൽ ഏറ്റവും മുൻപന്തിയിലാണ് നമ്മുടെ ഭാഷ .ലോകത്തിൽ ഏറ്റവും അധികം പരിഭാഷകൾ ഇറങ്ങുന്നത് നമ്മുടെ ഭാഷയിലാണെന്ന കാര്യം ശ്രദ്ധേയമാണ് .എന്നാൽ വായന അന്യം നിന്ന് പോകുന്ന ഒരുകാലത്തെ അഭിമുഖീകരിക്കുകയാണ് നാം ഇപ്പോൾ .വായനയിൽ സനാതന ധർമം കൊണ്ട് വായനയെ തിരിച്ചുപിടിച്ചു അതിൽ നവോത്ഥാനം സാധ്യമാക്കേണ്ടത് ആസന്നമായിരിക്കുന്നുവായനയുടെ. തുറന്ന ലോകം കൊണ്ടുവരുന്നതിനായി സ്കൂളിൽ ആരംഭിച്ചിരിക്കുന്ന പദ്ധതിയാണ് എല്ലാ ക്ലാസ് മുറിയിലും'ക്ലാസ്സ്‌മുറി ലൈബ്രറി 'എന്നത് . ഇതിലൂയോടെ വായിച്ചു വളരുക ,ചിന്തിച്ചു വിവേകം നേടുക എന്ന മുദ്രാവാക്യത്തിന് വീണ്ടും അർത്ഥം കൈവരിക്കുകയാണ് .മലയാള വായനയുടെ സുവർണ കാലത്തിലൂടെ കടന്നുപോവുകയും അവരാകുന്ന പുസ്തക പുഴുക്കളെ പൂമ്പാറ്റയാക്കുന്ന ജാലവിദ്യ ഇതിലൂടെ കൈവരുമെന്നും നമുക്ക് പ്രത്യാശിക്കാം .ജീവിതത്തിന്റെ പെരുമ്പാത മുറിച്ചുകടക്കാനുള്ള സിബ്രക്രോസിങ് ആയി വായന മാറുകയും വരും തലമുറ മനസിണക്കത്തിന്റെ കാവലാളാകുമെന്നും നമുക്കുറപ്പിക്കാം

MUHAMMED SINAN C H
IX A

# <u>തനിയെ ഒരുവൾ</u>

കൂട്ടിലകപ്പെട്ടതല്ല നീ
കൂട്ടിലാക്കപ്പെട്ടതാണ് നീ
മനസിന്റെ മണിയറയിൽ
മാറാല പിടിച്ച ഊഞ്ഞാലുകൾ
ആ പൂമഞ്ചത്തിൽ
കൊഴിഞ്ഞ പൂവായി
ഒരു തേങ്ങലായി പലവട്ടം ഉച്ചരിച്ച പേരുകൾ
തലയിലാഞ്ഞു കുത്തുന്നതായി
പതുക്കെ മാറിയ ഇരുളായി
കൊഴിഞ്ഞ പൂക്കളെയോർത്തു
വിലപിക്കരുതേ നീ
സ്വപ്നങ്ങൾ ഓരോന്നും
അയവിറക്കുക നീ
കാണുന്ന നിൻ കണ്ണുകളിൽ വേദന
കരയരുത് നീ തേങ്ങലായ്

LEEN MARY K PHILIP
X B

# കളിയരങ്ങ്

ആളിൽ കുറിയോനിവിൻ
അരങ്ങു വിട്ടൊഴിയുന്നോൻ
ആടിത്തളർന്നു പോയൊരു നിൻ
ആത്മഗതം ഞാനറിയുന്നു
മനയോല തേയ്ക്കാത്ത രംഗത്തു
മനോധർമ്മമാടിയ നാളുകൾ
മനഃശാന്തി കിട്ടാതെ പച്ചയും കത്തിയും
മുഖമെത്ര മാറ്റി വേഷം കൊഴുപ്പിക്കാൻ
നളനായ് ദമയന്തിയെ തേടിയും
നമ്ര ശിരസ്കനായ് കുചേലനായും
നമ്മെയെത്രെ രസിപ്പിച്ചവനെ
നവരസം കാട്ടിയീ കളിയരങ്ങിൽ
കൃഷ്ണനായ് രാമനായിന്ദ്രനായ്
കിരീടിയായ് ദുര്യോധനനായ്
കല്യാണ സൗഗന്ധികത്തിലെ ഹനുമാനായ്
കിരാത കഥയിലെ കാട്ടാളനായ്
വയറിൽ കാലും വിശപ്പും
വദനേയുറങ്ങുമഴലും മറന്നു നീ
വര്ഷങ്ങളെത്രയെന്നുമറിയാതെ
വേഷങ്ങളെത്ര നീ മാറ്റിയാടി
കാളിയരങ്ങിൽ നീ ആടിത്തിമിർക്കുമ്പോൾ
കളിവിലേക്കാവാൻ കൊതിച്ച ഞാൻ
കൊതിയോടെ നിൻ വേഷം കാണുവാൻ
ഒടുവിലീവേഷമഴിയ്ക്കുമ്പോളെങ്കിലും
ഒരു നിമിഷമോന്നോർത്തു നോക്കൂ
ഒപ്പം നിനക്കെന്തു കൊണ്ടുപോവാൻ
ഒരുപിടി ചാരമാം മോഹഭംഗങ്ങളോ .....

സജിഷ കെ എസ്
H .S. A ENGLISH

# വയലറ്റുനിറമുള്ള  ജമന്തിപ്പൂക്കൾ

വിറച്ചു കോച്ചുന്ന തണുപ്പുള്ള രാത്രി ...പുറത്തു നേർത്തു നേർത്തു പെയ്യുന്ന രാവിൻറെ യാമങ്ങളിൽ ഒരു കൂട്ടം നായ്ക്കൾ കരയുന്നുണ്ടായിരുന്നു ..അവളുടെ ചിന്തകളിൽ മുഴുവനും വികലമായ കാഴ്ചകൾ അവൾ എന്തിനെയോ ഓർത്തെടുക്കുകയായിരുന്നു ...ഓർമകളിൽ മിന്നിമായുന്ന പല ചിത്രങ്ങളും ഹൃദയത്തിൽ നിന്നകന്നു പോകുന്നവയായിരുന്നു .അതിനെയെല്ലാം ഹൃദയത്തിലേക്ക് അടുപ്പിച്ചു നോക്കി ..പക്ഷെ എല്ലാം ,ഹൃദയത്തെ കണ്ണാടിച്ചില്ലുപോലെ  തച്ചുടയ്ക്കാൻ മാത്രമാണ്  വെമ്പൽ കൊള്ളുന്നത്ആ മുറിവേറ്റഹൃദയത്തിൽ നിന്ന്  ഇറ്റിറ്റു വീഴുന്ന ചോരത്തുള്ളികൾക്കു ചുവപ്പു നിറമല്ലായിരുന്നു .കാരണം അവളുടെ സ്വപ്നങ്ങളും മോഹങ്ങളും തകർന്നു വീണ ഒരു വെറും മാംസപിണ്ഡമായിരുന്നു ആ ഹൃദയം .വയലറ്റ് നിറമുള്ള ആ ഹൃദയത്തിൽ നിറയെ വയലറ്റ് നിറമുള്ള ജമന്ദിപൂക്കൾ ആയിരുന്നു .ഇനിയും കൊതിക്കുന്ന വേറൊരു വസന്തത്തിനായി ........

ഫാത്തിമത്ത് റിസ്‌വാന

10 A